# ഗുരുവന്ദനം

ഹൃദയത്തിൽ ദൈവത്തിന്റെ കൈ ഒപ്പുമായി
ജന്മമെടുക്കാൻ വളരെ കുറച്ചു പേർക്കേ
ഭാഗ്യമുണ്ടാകുകയുള്ളു
അത്തരം വ്യക്തിതങ്ങൾ ഭുമിയിൽ നിന്ന് മറഞ്ഞാലും ,
നക്ഷത്രങ്ങളായി വാനിൽ നിറഞ്ഞു നിൽക്കും.....
ആയിരം വർഷം, ലക്ഷങ്ങൾക്ക് പ്രകാശം ചൊരിഞ്ഞ് ആ
നക്ഷത്രങ്ങൾ നമ്മെ അനുഗ്രഹിക്കും

കോട്ടയത്തിനടുത്ത്  ഒളശ എന്ന ഗ്രാമം അങ്ങനെ ഒരു
വിശിഷ്ട ജന്മത്തിന് സാക്ഷ്യം വഹിച്ചു. കളപ്പുരക്കൽ
വീട്ടിലെ അബ്രഹാം തരകന്റെയും , അച്ചാമ്മയുടെയും
പ്രഥമ പുത്രൻ ... യാക്കൂബ് എന്ന് പേര് ചൊല്ലി വിളിച്ച
ആ കുട്ടിയുടെ ജനനം 1891 ഫെബ്രുവരി മാസം 21
നായിരുന്നു എന്ന് ചരിത്രം അടയാളപ്പെടുത്തിയിരിക്കുന്നു.
പക്ഷേ അതിന് എത്രയോ കാലം മുൻപ് ഈ കുട്ടി ദൈവ
വചന പ്രഘോഷണം ചെയ്യുന്ന ഉത്തമ പുരുഷനാവും
എന്ന് ദൈവം ഉറപ്പിച്ചിരുന്നു.
പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം കോട്ടയം
MD സെമിനാരി സ്ക്കൂളിൽ പഠിച്ച് അവിടെ
തന്നെ അദ്ധ്യാപനായെങ്കിലും, തന്റെ വഴി
ആത്മീയതയുടെതാണ് എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം
എത്തിപ്പെട്ടത് ഫാദർ ഗീവറുഗീസ് പണിക്കരുവീട്ടിൽ
അച്ചന്റെ സന്നിധിയിലായിരുന്നു. പിൽക്കാലത്ത്
ആർച്ച്ബിഷപ്പായി മാറിയ മാർ ഇവാനിയോസ് തിരുമേനി
യായിരുന്നു പണിക്കരുവീട്ടിൽ അച്ചൻ.
ഉത്തമ ശിഷ്യനെ കണ്ടെത്തിയ ഗുരു വായിരുന്നു
അക്കാലത്തെ MD സ്ക്കൂൾ പ്രഥമാധ്യാപകൻ കൂടി
ആയിരുന്ന മാർ ഈവാനിയോസ് തിരുമേനി .

ഡീക്കൻ ആയി മാറിയ യാക്കൂബിനെ സെറാംപൂ രിലേക്ക് കൊണ്ടുപോയത് മാർ ഈ വാനിയോസ് തിരുമേനി തന്നെയായിരുന്നു, കാരണം അക്കാലത്ത് തിരുമേനി സെറാംപൂരിലെ പ്രൊഫസറായി മാറി കഴിഞ്ഞിരുന്നു. വലിയ തുടക്കങ്ങളിലേക്ക് ഉള്ള ചെറിയ കാൽ വെയ്പ്പ് . ബഥനി ആശ്രമം എന്ന മഹാ പ്രസ്ഥാനം മാർ ഇവാനിയോസ് തിരുമേനി പടുത്ത് ഉയർത്തിയപ്പോൾ , തിരുമേനിയുടെ നിഴലായി, സഭാ സേവകനായി ഫാദർ യാക്കോബായി ഈ പുണ്യ ആത്മാവ് നില കൊണ്ടു . റീയൂണിയൻ പ്രസ്ഥാനം കരുത്താർജ്ജിക്കാൻ യാക്കോബ് അച്ചന്റെ സംഭാവനകൾ ഏറെയാണ്. ബഥനി സന്യാസ സമൂഹത്തിലെ ആദ്യ അച്ചന്മാരിൽ ഒരാളായി മാറിയ യാക്കോ ബ് അച്ചൻ സന്യാസത്തിലെ തുടക്കകാരുടെ ഗുരുവും നാഥനുമായി .
പടി പടിയായി സന്യാസ സമൂഹത്തിൽ ഉയർന്ന് സീറോ മലങ്കര കത്തോലിക്കാ സഭയുടെ തിരുവല്ലയിലെ പ്രഥമ മെത്രാപ്പോലിത്തയായി അവരോധിക്കപ്പെട്ടു.

ചെറിയ തുടക്കങ്ങൾ സമൂഹത്തെ സമൂലം മാറ്റി മറിക്കുന്ന വലിയ ചലനങ്ങളായി മാറുന്നതിന് ഉദ്ദാഹരണമാണ് യാക്കൂബ് മാർ തിയ്യോഫീലീസ് തിരുമേനിയുടെ പ്രവർത്തികൾ .

ചെറു പുഷ്പഗിരി കുന്നിൽ, ചെറിയ കെട്ടിടത്തിൽ തിരുവല്ലാ രൂപതയുടെ അധിപനായി തിരുമേനി സ്ഥാനമേറ്റത് മാറ്റങ്ങളുടെ തുടക്കകാരനായിട്ടാണ്. ഇന്ന് തിരുമേനിയുടെ കര സ്പർശമേറ്റ സ്ഥലത്ത് തല ഉയർത്തി നിൽക്കുന്നത് പുഷ്പഗിരി മെഡിക്കൽ കോളേജ്, മാത്രമല്ല,സൂപ്പർ സെപ്ഷ്യാലിറ്റി ആശുപത്രിയുമാണ്.

അറുപതു വർഷത്തിലേറെയായി ആതുര ശുശ്രൂഷാ രംഗത്ത് മികവിന്റെ ഉദാഹരണമായി പുഷ്പഗിരി തല ഉയർത്തി നിൽക്കുന്നത് തിരുമേനിയുടെ അനുഗ്രഹം മൂലമാണ് .
1933 ൽ റോമിൽ എത്തി പയസ്സ് X1 മാർപാപ്പയുടെ ആശീർവാദം അദ്ദേഹം ഏറ്റുവാങ്ങി.
തിരുവല്ലയിൽ ആത്മീയതയുടെ  വിത്തുകൾ പാകി, അവയിൽ നിന്ന് ഉത്തമ ഫലങ്ങൾ സമൂഹത്തിന് തിയ്യോഫിലോസ് തിരുമേനി സമ്മാനിച്ചു ,
പള്ളികൾ, സ്കൂളുകൾ, സെന്റ് ജോസഫ് മുദ്രാലയം , സാക്ഷി സംഘം എല്ലാം ആ മഹാ തപസ്വിയുടെ ദീർഘ വീക്ഷണത്തിൽ ഉയിരെടുത്തവയായിരുന്നു.

അനാരോഗ്യം മൂലം മാർ സേവാറിയോസ് തിരുമേനിക്ക് അധികാരം കൈമാറി തീവ്ര പ്രാർത്ഥനയിലും, ധ്യാനത്തിലും മുഴുകിയ തിയ്യോഫിലോസ് തിരുമേനി 1956 ജൂൺ 27 ന് കാലം ചെയ്തു.
സീറോ മലങ്കര കാത്തോലിക്കാ സഭയുടെ ഈ പുണ്യ ചരിതന്റെ തിരുശേഷിപ്പുകൾ തിരുവല്ലാസെന്റ് ജോൺസ് കത്തീഡ്രലിലാണ് അടക്കം ചെയ്തിരിക്കുന്നത്.
തിരുമേനിയുടെ ചെറുപുഷ്പഗിരിയിലെ അരമന ഇന്ന് പുഷ്പഗിരി ഗ്രൂപ്പ് സ്ഥാപനങ്ങളുടെ CEO യുടെ ആസ്ഥാനമാണ്.
പിതാവ് ആഗ്രഹിച്ചതു പോലെ അതിനോട് ചേർന്നു തല ഉയർത്തി നിൽക്കുന്ന ചാപ്പൽ .

ജൂൺ 27 തിരുമേനിയുടെ ഓർമ്മ പെരുനാൾ ദിനം .

ആ പുണ്യചരിതന്റെ ഓർമ്മകളുമായി തല

ഉയർത്തി പുഷ്പഗിരി
പ്രിയ താത അങ്ങയുടെ ഓർമ്മകൾക്കു മുൻപിൽ വന്ദനം.

CEO.Pushpagiri group of Institutions.

